(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവോ; എങ്കിൽ അവ ഏതെല്ലാം;

(ഇ) ഇതനുസരിച്ചാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) 1997-98, വാർഷിക പദ്ധതിയിൽ ആകെ വകയിരുത്തിയിരുന്ന അടങ്കൽ തുകയുടെ 5.84 ശതമാനവും 1998-99-ൽ 1/9.19 ശതനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വിഹിതമായി കണക്കാക്കിയിട്ടുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവയ്ക്ക് മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) പ്രസക്തമല്ല.

**387 (T1580) പെർഫോർമൻസ് ആഡിറ്റ്**

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികളെടുക്കുവാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്;

(ബി) കേരള പഞ്ചായത്ത് ആക്ട് പ്രകാരം എന്തൊക്കെ സംവിധാനമാണ് വേണ്ടത്;

(സി) എത്ര ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിച്ചു;

(ഡി) എത്ര എണ്ണത്തിൽ നടപടികൾ സ്വീകരിക്കാനുണ്ട്;

(ഇ) നടപടികളെടുക്കുന്നതിന് പ്രത്യേക ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-ലെ കേരള പഞ്ചായത്ത്രാജ് (പരിശോധനാരീതിയും, ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾപ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുകയും അവയിൽ പോരായ്മകളോ തെറ്റുകളോ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് രേഖാമൂലം നിർദ്ദേശം നൽകുകയും, അതിന്മേൽ സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ മേൽനടപടി എടുക്കുകയും ചെയ്യുന്നു. ഗുരുതരമായ വീഴ്ചകളോ, ക്രമക്കേടുകളോ കണ്ടെത്തിയാൽ സർക്കാർതലത്തിൽ നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങൾ അനുസരിച്ച്. പെർഫോർമൻസ് ആഡിറ്റ് ഓഫീസർമാരുടെ കീഴിൽ രൂപീകരിക്കപ്പെട്ട പെർഫോർമൻസ് ആഡിറ്റ് ടീമുകൾ മൂന്നുമാസത്തിലൊരിക്കൽ പെർഫോർമൻസ് ആഡിറ്റ് നടത്തേണ്ടതുണ്ട്. കൂടാതെ പെർഫോർമൻസ് ആഡിറ്റ് നടത്തുന്നതിനായി സംസ്ഥാനതലത്തിൽ ഒരു പെർഫോർമൻസ് ആഡിറ്റ് അതോറിറ്റിയുടെ രൂപീകരണവും മേൽപ്പറഞ്ഞ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി)&(ഡി) സംസ്ഥാനത്തെ 1214, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മൂന്നുമാസത്തിലൊരിക്കൽ നടത്തിവരുന്ന പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടുകൾ എല്ലാംതന്നെ സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടത്തുന്ന പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നതിന് 5.6.1999-ലെ ജി.ഒ. (എം.എസ്) 417/99/ജി.എ.ഡി. ഉത്തരവിൻപ്രകാരം ഏതാനും തസ്തികകൾ സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ഈ ജോലി നിർവഹിച്ചു വരികയുമാണ്.

**388 (1581) തൊഴിലവസരങ്ങൾ**

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം നടപ്പാക്കിയതിന്റെ ഫലമായി ഗ്രാമീണ രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിലും ജനകീയാസൂത്രണത്തിന്റെ സംഭാവനയെന്തെന്ന് വിശദീകരിക്കുമോ;

(സി) ജനകീയാസൂത്രണംകൊണ്ട് എത്രപേർക്ക് സ്ഥിരമായ തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ ജനകീയാസൂത്രണത്തിന് എത്രമാത്രം പങ്ക് വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) അതിന്റെ ഫലമായി എത്രശതമാനം ആളുകൾ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്തിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തരിശുഭൂമി കാർഷികവിളകൾക്ക് ഉപയോഗപ്പെടുത്തൽ, കാർഷികപ്രവർത്തനങ്ങൾക്ക് വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, ട്രില്ലർ എന്നിവ വിതരണം, രോഗബാധിത തെങ്ങുകൾ നശിപ്പിക്കൽ, പശു, ആട്,



LIBRARY ARCHIVES Kerala Legislative Assembly